**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3602** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ ഡിജിറ്റൽ സർവേ പൂർത്തിയായ ജില്ലകൾ ഏതൊക്കെയാണെന്നും ബാക്കിയുള്ള ജില്ലകളിൽ ഡിജിറ്റൽ സർവേ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ; | (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവ്വേ ചെയ്ത 116 വില്ലേജുകൽ ഒഴികെ ബാക്കി വരുന്ന 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്നതിനുള്ള ബൃഹത് പദ്ധതിയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലും മൂന്നു ഘട്ടങ്ങളിലായി 639 വില്ലേജുകളുടെ സർവെ നടപടികളാണ് നടന്നു വരുന്നത് .മറ്റ് വില്ലേജുകളെ പദ്ധതിയുടെ വരും ഘട്ടങ്ങളിൽ ഉൾപ്പെടുത്തി സർവെ പൂർത്തിയാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. 60.98 ലാന്റ് പാർസലുകളിലായി 8.33 ലക്ഷം ഹെക്ടർ ഭൂമിയുടെ സർവ്വേ ഡിജിറ്റലായി ഇതിനകം അളന്നിട്ടുണ്ട്. |
| (ബി) | ഷൊർണ്ണൂർ മണ്ഡലത്തിൽ ഡിജിറ്റൽ സർവേ പൂർത്തീകരിച്ച വില്ലേജുകൾ ഏതൊക്കെയാണെന്നും ബാക്കിയുള്ളവ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (ബി) | ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളം-1,നെല്ലായ വില്ലേജുകളെ പദ്ധതിയുടെ രണ്ടാം ഘട്ടത്തിനും, ഷൊർണ്ണൂർ -1വില്ലേജിനെ മൂന്നാം ഘട്ടത്തിലും ഉൾപ്പെടുത്തി സർവെ നടപടികൾ പുരോഗമിക്കുന്നു.ഷൊർണ്ണൂർ മണ്ഡലത്തിലെ മറ്റ് വില്ലേജുകളെ പദ്ധതിയുടെ വരും ഘട്ടങ്ങളിൽ ഉൾപ്പെടുത്തി നാലു വർഷം കൊണ്ട് സർവെ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ